നം.ഇ.എച്ച് 1-35189/2020/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി, 09.11.2021

## സർക്കുലർ

വിഷയം – 2021 ലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന –1. സർക്കാർ ഉത്തരവ് നം. 480/20/ആ.കു.വ, തീയതി, 03.03.2020

2. സർക്കാർ ഉത്തരവ് നം. 2419/2021/ആ.കു.വ., തീയതി, 03.11.2021

2021 ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ വിവരിച്ച കൊണ്ട് മേൽ സൂചനകൾ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എല്ലാ സ്ഥാപനമേധാവികളും ജീവനക്കാരുടെ സേവനവിവരങ്ങൾ സ്പാർക്കിൽ കൃത്യമായി അപ്ഡേറ്റ് ചെയ്യേണ്ടതും അതിനുശേഷം ലോക്ക് ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ ലോക്ക് ചെയ്യാത്ത സ്ഥാപനങ്ങളിലെ അപേക്ഷ മേലധികാരികൾക്ക് ഫോർവേഡ് ചെയ്യുന്നതിന് സാധിക്കുന്നതല്ല. സ്പാർക്കിലെ സേവന വിവരങ്ങളിൽ ഉണ്ടാകുന്ന പിഴവ് മൂലം പൊതുസ്ഥലംമാറ്റത്തിൽ അപാകത സംഭവിക്കുന്ന പക്ഷം ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് സ്ഥാപനമേധാവികൾക്കായിരിക്കുമെന്നും ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

### ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്ന ജീവനക്കാർക്കുള്ള നിർദ്ദേശങ്ങൾ

1) ഓൺലൈൻ മുഖാന്തിരം ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുള്ള സ്ഥലംമാറ്റത്തിനായുള്ള അപേക്ഷ സമർപ്പിക്കുന്നതിന് www.spark.gov.in/webspark എന്ന സൈറ്റിൽ Application for General Transfer എന്ന ഓപ്ഷൻ open ചെയ്യുക.
2) അപേക്ഷകന്റെ പെൻ നമ്പർ നൽകി ആ വ്യക്തിയുടെ സ്പാർക്ക് അക്കൗണ്ടിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ നൽകുമ്പോൾ അപേക്ഷാ ഫാറം ലഭ്യമാകുന്നതാണ്.
3) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി/സെലക്ട് ചെയ്ത് പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി ഡിക്ലറേഷൻ അംഗീകരിക്കുക.
4) അതിനു ശേഷം അതിനു താഴെയുള്ള ഒ.റ്റി.പി. (വൺ ടൈം പാസ് വേഡ്) ൽ വെരിഫൈ ബട്ടൺ ക്ലിക് ചെയ്യുമ്പോൾ അപേക്ഷകന്റെ മൊബൈലിൽ

GOVERNMENT OF KERALA 2017-18
9962975

ലഭിക്കുന്ന നമ്പർ ചേർത്താൽ മാത്രമേ അപേക്ഷ രജിസ്റ്റർ ചെയ്യുകയുള്ളൂ . ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയിൽ യാതൊരു വിധ തിരുത്തലും സാധ്യമല്ലാത്തതിനാൽ കൃത്യമായും ശ്രദ്ധാപൂർവ്വവും അപേക്ഷ പരിശോധിച്ച് സമർപ്പിക്കേണ്ടതാണ്.

5) അതിനു ശേഷം പ്രിന്റ് എടുത്ത് ആവശ്യമായ രേഖകൾ സഹിതം അപേക്ഷകൾ ഓഫീസിൽ സമർപ്പിക്കുക.

6) ഈ സൗകര്യം ജീവനക്കാർക്ക് **23.11.2021 ന് വൈകിട്ട് 5.00 മണി** വരെ മാത്രമേ ലഭ്യമാകുകയുള്ളൂ.

7) ജീവനക്കാർ സമർപ്പിക്കുന്ന അപേക്ഷ ഓഫീസ് മേധാവി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തി ജില്ലാ മെഡിക്കൽ ഓഫീസർക്ക് **26.11.2021** ന് മുമ്പായി ഓൺലൈനിൽ സമർപ്പിക്കേണ്ടതാണ്. ജില്ലാ മേലധികാരിയ്ക്ക് ലഭിക്കുന്ന സ്ഥലം മാറ്റത്തെ സംബന്ധിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ട അവസാന തീയതി **02.12.2021** ആണ്. ഈ തീയതികളിൽ യാതൊരു കാരണവശാലും മാറ്റം ഉണ്ടാകുന്നതല്ല. എല്ലാ ജീവനക്കാരും ഓഫീസ് മേധാവികളും നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകൾ സ്പാർക്ക് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്.

8) ജീവനക്കാരുടെ വിവരങ്ങൾ സ്പാർക്കിൽ തെറ്റായി നൽകുക, മറച്ച് വെയ്ക്കുക, വീഴ്ച വരുത്തുക ഉടങ്ങിയവ മൂലം ഏതെങ്കിലും ഒരു ജീവനക്കാരന് സ്ഥലം മാറ്റത്തിനുള്ള അവസരം നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

9) സ്പാർക്കിൽ ജീവനക്കാരുടെ സർവ്വീസ് ഹിസ്റ്ററിയിൽ ശരിയായ രീതിയിൽ പൂർണ്ണ വിവരങ്ങൾ ചേർക്കേണ്ടത് ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ ഉത്തരവാദിത്വമാണ്.

10) സ്പാർക്ക് മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ താഴെപ്പറയുന്ന നടപടി ക്രമങ്ങൾ പാലിച്ചാൽ മാത്രമേ അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഓൺലൈൻ വഴി ലഭിക്കുകയുള്ളൂ. അതിലേക്കായി എല്ലാ ഓഫീസിലെയും ഓഫീസ് login ൽ service matter ൽ Online Transfer request - DHS - online application - proceeding at office സെലക്ട് ചെയ്ത് ക്രമ നമ്പർ 22 മുതലുള്ള കാര്യങ്ങൾ സെലക്ട് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർക്ക്

962974 GOVERNMENT OF KERALA 2017-18

ഫോർവേഡ് ചെയ്യേണ്ടതാണ്. Comment നൽകാനുള്ള കോളത്തിൽ മേൽപ്പറഞ്ഞ അപേക്ഷയിൽ സർവീസ് ബുക്കുമായി ഒത്തു നോക്കുമ്പോൾ വ്യത്യാസങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ കൺട്രോളിംഗ് ഓഫീസറുടെ അഭിപ്രായം രേഖപ്പെടുത്തി ഡയറക്ടറേറ്റിൽ സമർപ്പിക്കാവുന്നതാണ്.

11) ജില്ലാ മെഡിക്കൽ ഓഫീസിൽ ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മെഡിക്കൽ ഓഫീസർ പരിശോധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് 10.12.2021 ~~[illegible]~~ 5.00 മണിക്ക് മുമ്പായി എത്തിക്കേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ സംബന്ധിച്ച സാങ്കേതിക സംശയങ്ങൾക്ക് അതാത് ജില്ലാ മെഡിക്കൽ ഓഫീസിൽ ബന്ധപ്പെട്ട ജീവനക്കാരെ നിയോഗിക്കുകയും ഫോൺ നമ്പർ എല്ലാ സ്ഥാപനത്തിനും നൽകേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നു ലഭിക്കേണ്ട വിഷയമാണെങ്കിൽ ബന്ധപ്പെടേണ്ട ഫോൺ നമ്പർ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നോഡൽ ഓഫീസർ | – 0471 2519255 |
| അസിസ്റ്റന്റ് നോഡൽ ഓഫീസർ | – 0471 2519336 |
| അസിസ്റ്റന്റ് നോഡൽ ഓഫീസർ | – 9778001066 |
| അസിസ്റ്റന്റ് നോഡൽ ഓഫീസർ | – 9495869440 |

ആരോഗ്യവകുപ്പ് ഡയറക്ടർ

ഉള്ളടക്കം – ബന്ധപ്പെട്ട സർക്കാർ ഉത്തരവ്

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/ജീവനക്കാർക്കും

പകർപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എ.എസ്. 10/11/21

GOVERNMENT OF KERALA 2017-18

5159242